# അതിജീവനത്തിന്റെ അഞ്ചു സമയ-തത്വങ്ങൾ.

സമയത്തിന്റെ അളവുകൾക്കുള്ളിൽ ജന്മം കൊള്ളുന്ന എല്ലാ ജീവജാലങ്ങൾക്കും അനിവാര്യമായി പൂർത്തീകരിക്കേണ്ട ഒരു ജൈവീക പ്രക്രിയയാണ് അതിജീവനം. ഇത് പൂർത്തീകരിക്കാൻ അവർക്ക് ലഭിച്ച മൊത്തം സമയങ്ങളിലെ നിശ്ചിത സമയം ഭൂമിയിലെ വിഭവങ്ങളുടെ മേൽ പ്രവർത്തി ചെയ്യുകയും അപ്പോൾ ലഭിക്കുന്ന വിവിധ ഘടകങ്ങൾ നേരിട്ട് ഉപഭോഗിക്കുകയും അതു വഴി ശരീരത്തിന്റെ പ്രതിദിന ആവശ്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഇപ്രകാരം സ്വന്തം പ്രവർത്തി സമയം ഉപയോഗിച്ച് ആജീവനാന്തം വേണ്ട ഈ ഘടകങ്ങൾ ഉത്പാദിപ്പിക്കാനും അവ സ്വതന്ത്ര്യമായി ഉപഭോഗിക്കാനും കഴിയും വിധമാണ് എല്ലാ ജീവജാലങ്ങളും രൂപം കൊണ്ടിരിക്കുന്നത്.

എന്നാൽ ജീവഗണത്തിൽത്തന്നെ പെട്ട നാം മനുഷ്യർ സ്വന്തം സമയം മാത്രം ഉപയോഗിച്ചല്ല ഈ ഘടകങ്ങൾ നിർമ്മിക്കുന്നതും ഉപഭോഗിക്കുന്നതും. അഥവാ സ്വന്തം സമയം ഉപയോഗിച്ചാൽ മാത്രം ഇവ നിർമ്മിക്കാനും ഉപഭോഗിക്കാനും സാധിക്കുന്നവരുമല്ല നാം മനുഷ്യർ. *ഈ ഘടകങ്ങളെയാണ് ഉത്പന്നങ്ങൾ എന്നും സേവനങ്ങൾ എന്നും പറയുന്നത്.*

എന്താണ് ഇതര ജീവജാലങ്ങളും നമ്മളും തമ്മിലുള്ള ഈ ജൈവീക വ്യതിയാനത്തിലുള്ള കാരണം എന്നും, എങ്ങിനെയാണ് ഈ സാഹചര്യത്തിൽ നമ്മൾ അതിജീവനം നടത്തുന്നത് എന്നുമാണ് ഇനി പരിശോധിക്കുന്നത്.

ബാല്യകാലത്തും വാർദ്ധക്യകാലത്തും ശാരീരിക ക്ഷമത വളരാത്തതുകൊണ്ടും, അത് ക്ഷയിക്കുന്നതു കൊണ്ടും ആർക്കും തന്നെ ഉത്പന്ന സേവനങ്ങൾ ഒന്നും തന്നെ സ്വന്തം സമയങ്ങൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുകയില്ല. ഇതിനായി ആ സമയത്തെ working age population- ന്റെ പ്രവർത്തി സമയം ആവശ്യമായി വരുന്നു. യൗവന കാലത്തും അഥവാ Working Age-സമയത്തും സ്വന്തം പ്രവർത്തി മേഖലയിലെ പരിമിത ഉത്പന്ന സേവനങ്ങൾ അല്ലാതെ തനിക്കു വേണ്ട എല്ലാവിധ ഉത്പന്ന സേവനങ്ങളും സ്വന്തം സമയം മാത്രം ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുകയില്ല. അപ്പോൾ ഇതിനായി ആ സമയത്തെ working age population- ലെ ഇതര അംഗങ്ങളുടെ പ്രവർത്തി സമയം ആവശ്യമായി വരുന്നു. നിലവിലെ working age population-ലുള്ളവരുടെ മൊത്തം സമയം ഉപയോഗിച്ചാലും, ഇന്ന് ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഏവർക്കും പ്രതിദിനം വേണ്ട എല്ലാവിധ ഉത്പന്ന സേവനങ്ങളും നമുക്ക് നിർമ്മിക്കാൻ കഴിയുകയുമില്ല. ഇതിനു വേണ്ട വിവരങ്ങൾക്കും വിഭവങ്ങൾക്കും ഇതിനു മുൻപ് ജീവിച്ചിരുന്നരുടെ പ്രവർത്തി സമയം ആവശ്യമായി വരുന്നു.

ഒരു വ്യക്തിക്കും അതിജീവനത്തിന്റെ ഒരു ഘട്ടത്തിലും തനിക്കു വേണ്ട ഉത്പന്ന സേവനങ്ങൾ ഒന്നും തന്നെ നിർമ്മിക്കാൻ കഴിയാത്ത സഹചര്യത്തിലും ഇതിനു വേണ്ടി ഓരോ വ്യക്തിക്കും വിവിധ വ്യക്തികളുടെ പ്രവർത്തി സമയം പ്രതിദിനം ആവശ്യമുള്ളതിനാലും, ഇതിനു വേണ്ടി ഒരു മൊത്തം പ്രവർത്തി സമയം സദാ കണ്ടെത്തുകയും അത് നിലനിർത്തുകയും ചെയ്യുക എന്നുള്ളതു മാത്രമാണ് ഒരു പരിഹാരം.

ആയതിനാൽ സ്വന്തം മേഖലയിലെ നിശ്ചിത പ്രവർത്തി സമയം ഉപയോഗിച്ച് ഒരു മൊത്തം പ്രവർത്തി സമയം പ്രതിദിനം [ A Total Amount of Working Time on Every Day, TAWT on ED ] ചിലവഴിക്കുകയും, ഇത് ഉപയോഗിച്ച് അവർക്കും, കുട്ടികൾക്കും, പ്രായമായവർക്കും, വരും തലമുറകൾക്കും വേണ്ട വിവിധ ഉത്പന്നങ്ങളും സേവനങ്ങളും യഥാസമയം നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്തുകയും ചെയ്യുക എന്നുള്ള പ്രവർത്തി, ഓരോ സമയത്തെയും working age population-ചെയ്യുന്നു. ഇത് നിലനിർത്തുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നുള്ള പ്രവർത്തി അവരുടെ മുതിർന്ന തലമുറകളും സദാ ചെയ്തു വരുന്നു.

മനുഷ്യർ അവരുടെ ആവിർഭാവം മുതൽ അധിവസിക്കുന്ന ഓരോ ദേശത്തും പ്രഥമവും പ്രധാനവും ആയി നടപ്പിലാക്കിയതും, ഓരോ തലമുറയിലെ അംഗങ്ങളും അവരുടെ working age –ൽ സ്വമേധയ ചെയ്തു വരുന്നതുമായ ഈ പ്രവർത്തിയെ തന്നെയാണ് നാം ഇന്ന് രാഷ്ട്രനിർമ്മാണം എന്നു പറയുന്നത്. ഈ സംവിധാനത്തെ ഇനിമുതൽ TAWT on ED എന്നു വിളിക്കാം.

ഈ TAWT on ED-യിൽ നിന്നുമാണ് ഇവിടെ ജനിക്കുന്ന ഓരോ വ്യക്തിക്കും ബാല്യകാലത്തും യൌവ്വന കാലത്തും വാർദ്ധക്യ കാലത്തും തനിക്കു വേണ്ട സകല ഉത്പന്നങ്ങളും സേവനങ്ങളും പ്രതിദിനം ലഭ്യമാകുന്നത്.

ഇത് തടസ്സരഹിതമായി ലഭിക്കാനും, സ്വന്തം ഉപഭോഗത്തിനു വേണ്ട എല്ലാവിധ ഉത്പന്ന സേവനങ്ങളും സ്വമേധയ ഉത്പാദിപ്പിച്ചു ഉപഭോഗിക്കാൻ പ്രാപ്തരല്ലാത്ത നാം ഇതിനു വേണ്ടി ഇതേ പരിമിതി നേരിടുന്ന മറ്റൊരു വ്യക്തിയെ ആശ്രയിക്കേണ്ടി വരുക എന്നുള്ള അന്യായവും അപ്രായോഗീകവുമായ ഒരു സാഹചര്യം സംഭവിക്കാതിരിക്കാനുമാണ് സമയത്തിന്റെ അഞ്ചു പ്രധാന തത്വങ്ങൾ നാം ഓരോ വ്യക്തികളും നിർബന്ധപൂർവ്വവും ആദരപൂർവ്വവും പാലിക്കുന്നത്.

അത് താഴെ വിവരിക്കുന്നു:-

1. **സഹജീവനം:** Working Age - ലുള്ളവർ യഥാവിധി അവരുടെ പ്രവർത്തി സമയം TAWT on ED-യിലേക്ക് നൽകുമ്പോൾ ലഭിക്കുന്ന വിവിധ ഉത്പന്ന-സേവനങ്ങൾ, യഥാക്രമം എല്ലാ പ്രായത്തിലുള്ള അംഗങ്ങൾക്കും പ്രതിദിനം ഒരു പോലെ ആവശ്യമായിട്ടുണ്ട്. ആയതിനാൽ ഇവരോടൊപ്പം മുതിർന്ന തലമുറയിലെ അംഗങ്ങളും കുട്ടികളും ഒരു പ്രദേശത്ത്/ രാജ്യത്ത് സംഘം ചേർന്ന് ജീവിക്കുന്നു.

2. **പ്രാഥമിക കടമകൾ:** ആ രാജ്യത്തു ജനിക്കുന്ന കുട്ടികളെ അവരുടെ Working Age-കാലത്തുള്ള TAWT on ED –നിലനിർത്തുന്നതിനു പ്രാപ്തരാക്കാൻ പ്രായപൂർത്തിയാകും വരെ ഇവർക്ക് ഉത്പന്നങ്ങളും സേവനങ്ങളും, ഇവ നിർമ്മിക്കാൻ വേണ്ട വിദ്യാഭ്യാസവും നൽകേണ്ടതുണ്ട് ആയതിനാൽ മുതിർന്ന തലമുറയിലെ അംഗങ്ങൾ അത് അവരുടെ പ്രാഥമിക കടമയായിത്തന്നെ നിർവ്വഹിക്കുന്നു.

3. **ഭരണഘടന, ഭരണാധികാരികൾ:** എല്ലാ രാജ്യങ്ങൾക്കും അവരുടെ എല്ലാ പ്രായത്തിലുള്ള പൗരന്മാർക്കും വേണ്ട ഉത്പന്ന-സേവനങ്ങൾ നിത്യേന നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്താൻ, അവിടുത്തെ എല്ലാ സമയത്തെയും Working Age - ലുള്ളവർ ഒരു നിശ്ചിത പ്രവർത്തി സമയം ഈ TAWT on ED-യിലേക്ക് പ്രതിദിനം നൽകുന്നുണ്ടെന്നും, ഈ പ്രവർത്തി സമയത്തിനു അനുപാതികമായി ആജീവനാന്തം അവർക്ക് ഉത്പന്ന സേവനങ്ങൾ ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ എല്ലാ രാജ്യങ്ങളിലേയും മുതിർന്ന തലമുറകൾ അതിനുതകുന്ന നിർദേശങ്ങൾ അടങ്ങിയ ഒരു ഭരണഘടനക്ക് രൂപം കൊടുക്കുന്നു. കൂടാതെ ഇത് നിലയ്ക്കാതെ നടപ്പിലാക്കാനായി ഉത്തരവാദപ്പെട്ട വ്യക്തികളെയും ആവശ്യമായിട്ടുണ്ട് ആയതിനാൽ എല്ലാ തലമുറയിലെ അംഗങ്ങളും അവരുടെ ഭരണാധികാരികളെയും യഥാസമയം തിരഞ്ഞെടുക്കുന്നു.

4. **നിശ്ചിത പ്രവർത്തി-സമയം:** യഥാസമയം ഉത്പന്ന സേവനങ്ങൾ നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്താൻ നിശ്ചിത പ്രവർത്തി സമയ അളവുകൾ തന്നെ ATAWT On ED-യിലേക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിനാൽ ഓരോ രാജ്യവും സ്വന്തം പൗരന്മാർ Working Age- സമയത്ത് അവരുടെ നിർദ്ധിഷ്ഠ മേഖലകളിൽ, നിശ്ചിത പ്രവർത്തി സമയം വീതം പ്രതിദിനം TAWT On ED -യിലേക്ക് നൽകുന്നുണ്ടെന്ന് ഭരണഘടനയിലൂടെ തന്നെ ഉറപ്പുവരുത്തുന്നു. *[നിലവിലെ ആഗോള അംഗീകൃത തൊഴിൽ സമയങ്ങളുടെ ശരാശരിയെ ആസ്പദമാക്കുമ്പോൾ പ്രതിദിനം 7-മണിക്കൂർ വിതം, വർഷത്തിൽ 260-ദിവസമെങ്കിലും, എല്ലാ പൌരന്മാരും സ്വന്തം പ്രവർത്തി സമയങ്ങൾ ചിലവഴിക്കണം എന്നാണ് മിക്ക രാജ്യങ്ങളും നിർദേശിച്ചിരിക്കുന്നത്.]*

5. **പൊതു വിനിമയ ഉപാധി:** ഓരോ രാജ്യവും നിലനിർത്തുന്ന TAWT On ED-യിൽ നിന്നാണ് ആ രാജ്യത്തെ എല്ലാ പ്രായത്തിലുള്ള അംഗങ്ങൾക്കും വേണ്ട ഉത്പന്ന സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നത്. ആ രാജ്യത്തെ ഓരോ വ്യക്തിയും Working Age സമയത്ത് അവരുടെ പ്രവർത്തി സമയം ആവശ്യഅളവിൽ ഈ TAWT On ED- നല്കുന്നതു കൊണ്ടാണ് അത് തുടർച്ചയായി നിലനിൽക്കുന്നതും. ആയതിനാൽ ഓരോ രാജ്യവും അവരുടെ പൗരന്മാർ Working Age- സമയത്ത് TAWT On ED യിലേക്ക് നൽകുന്ന പ്രവർത്തി സമയങ്ങളുടെ അളവുകളെ ഉത്പന്ന സേവനങ്ങൾ ലഭിക്കുന്നതിനുള്ള ആ രാജ്യത്തെ പോതുവിനിമയ ഉപാധിയായി ഭരണഘടനയിലൂടെ അംഗീകരിക്കുന്നു. ഈ പൊതു വിനിമയ ഉപാധി Credit ആയി വിനിമയം നടത്തുമ്പോൾ  ബാല്യകാലത്തും Direct ആയി വിനിമയം നടത്തുമ്പോൾ യൗവ്വന സമയത്തും Debit ആയി വിനിമയം നടത്തുമ്പോൾ വാർദ്ധക്യ കാലത്തും TAWT On ED-യിൽ നിന്നും ഉത്പന്ന സേവനങ്ങൾ ലഭിക്കാനുള്ള സൌകര്യങ്ങളും സജ്ജമാക്കുന്നു.

ഇതിലെ  മിക്ക തത്വങ്ങളും നാം പാലിക്കുന്നുണ്ടെങ്കിലും No-5-ൽ പറഞ്ഞ പ്രവർത്തി സമയ അളവ് പൊതു വിനിമയ ഉപാധിയായി അംഗീകരിക്കണം എന്നുള്ള കാര്യം നമുക്ക് ഇതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. അതിനു പകരം ഇവ ചിലവഴിക്കുമ്പോൾ വേതനമായി നൽകാൻ നിശ്ചയിച്ച സംഖ്യാ അളവുകളെയാണ് പൊതു വിനിമയ ഉപാധിയായി അംഗീകരിച്ചിരിക്കുന്നത്.

ആയതുകൊണ്ടു തന്നെ സുസ്ഥിര അതിജീവനം മനുഷ്യർക്ക് ഇതുവരെ ഭൂമിയിൽ സാധ്യമായിട്ടില്ല.

എന്തുകൊണ്ടാണ് നമുക്ക് 5-മത്തെ തത്വം ഇതുവരെ നടപ്പിലാക്കാൻ പറ്റാതിരുന്നത് എന്നും, പണം എന്ന സംഖ്യാ അളവിനെ പൊതുവിനിമയ ഉപാധിയായി അംഗീകരിക്കേണ്ടി വന്നത് എന്നും, മനസ്സിലാക്കാൻ, നാം കാർഷികവൃത്തി  ആരംഭിച്ച സമയം മുതൽ, അതായത് ഏകദേശം 8000 BCE-മുതൽ നടത്തി വരുന്ന ഉപജീവനം സമ്പ്രദായം ഒന്നു വിശകലനം ചെയ്യേണ്ടതുണ്ട്.